(4) <u>റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമത്തിലെ അവ്യക്തത</u>

2017 മേയ് മാസം 10-ാം തീയതി ധനകാര്യത്തിനു മുൻപായി, 2017 മേയ് 1 മുതൽ പാർലമെന്റ് പാസ്സാക്കിയ 'റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം 2016,' സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ടെന്നും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ആക്ടിലെ 86(2) വകുപ്പ് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയോ 2015-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമം റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ലെന്നും 2016 മേയ് 1 മുതൽ ഭാഗികമായി പ്രാബല്യത്തിൽ വന്ന കേന്ദ്ര നിയമം 2017 മേയ് 1-ന് പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കാത്തത് ഭരണഘടനയുടെ ലംഘനമാണെന്നും ഇത് നടപ്പിലാക്കാനായി റെഗുലേറ്ററി അതോറിറ്റിയെ നിയമിക്കുകയും രണ്ട് നിയമം നിലനിൽക്കുന്നതിലുള്ള അവ്യക്തത ഒഴിവാക്കാനായി ചട്ടങ്ങൾ അടിയന്തരമായി രൂപീകരിച്ച് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

2016-ലെ റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ആക്ട് നിലവിൽ വരുന്നതിനുമുമ്പ് 2015-ലെ ആക്ടിന്റെ വ്യവസ്ഥകളായിരുന്നു സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടായിരുന്നതെന്നും 2016-ലെ കേന്ദ്ര നിയമത്തിലെ 86(2) വകുപ്പുപ്രകാരം സംസ്ഥാന സർക്കാരാണ് അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കേണ്ടതെന്നതിനാൽ ആക്ടിനനുസൃതമായി ചട്ടങ്ങൾ

രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണെന്നും സംസ്ഥാന നിയമം റദ്ദ് ചെയ്യുന്നമുറയ്ക്ക് ചട്ടങ്ങൾ അന്തിമമായി വിജ്ഞാപനം ചെയ്യുന്നതാണെന്നും ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

"ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച കാര്യങ്ങൾക്ക് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. ഗവൺമെന്റ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു."

---

* XIV KLA V Session Vol.No.166 dated 10.05.2017.